**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1947 — 12.02.2013 ൽ മറുപടിയ്ക്ക്

**നഗരങ്ങളിലെ ജൈവസമ്പത്ത് സംരക്ഷണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരങ്ങളിലെ ജൈവവൈവിദ്ധ്യത്തെക്കുറിച്ച് ഈ സർക്കാരിന്റെ കാലയളവിൽ പഠനം നടത്തിയിട്ടുണ്ടോ; | (എ) | കേരളത്തിലെ 5 കോർപ്പറേഷനുകളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ ( Biodiversity Management Committies) രൂപീകരിക്കുകയും അതിന്റെ മേൽനോട്ടത്തിൽ ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) നഗരങ്ങളിലെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്; | (ബി) | നഗരങ്ങളിലെ ജലസ്രോതസ്സുകളും ജൈവവൈവിധ്യ വ്യവസ്ഥയും സംരക്ഷിക്കുന്നതിനായി ബോർഡ് 'Urban Biodiversity' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയിൽ കുളങ്ങളിലെ ആവാസവ്യവസ്ഥ പോഷിപ്പിക്കുന്നതിന്റെ ഭാഗമായി തനതു മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുക, മലിനീകരണം തടയുക, കുളത്തിൽ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുക, കളകൾ നിയന്ത്രിക്കുക, മണ്ണടിയുന്നത് തടയുക, കുളത്തിന്റെ ദൈനംദിന പരിചരണത്തിന് ജനകീയ സമിതികൾ ഉണ്ടാക്കുക, ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ പ്രചരണം നടത്തുക, കുളത്തിന്റെ പരിസരങ്ങളിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുക, അതിരുകളിൽ ജൈവവേലിയായി കൈത, രാമച്ചം തുടങ്ങിയവ വച്ചു പിടിപ്പിക്കുക തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) നഗരങ്ങളിലെ ജൈവസമ്പത്ത് നശിപ്പിക്കുന്നതിനെതിരെ നിയമനിർമ്മാണം പരിഗണനയിലുണ്ടോ ? | (സി) | നിലവിലുള്ള നിയമങ്ങൾ നഗരങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ